ശ്രീ. പി. രവീന്ദ്രൻ : മന്ത്രിമാർ തലസ്ഥാനം വിടുമ്പോൾ അവരുടെ യാത്രാപരിപാടിയെ സംബന്ധിച്ച മുഖ്യമന്ത്രിയെ അതിനു മുമ്പ് അറിയിക്കണം എന്നു പ്രത്യേക വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ആഭ്യന്തരമന്ത്രി മുഖ്യമന്ത്രിയെ അങ്ങനെ വിവരം അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: സ്വകാര്യമായിട്ടുള്ള യാത്ര പോകുമ്പോൾ മുഖ്യമന്ത്രിയെ അറിയിക്കണമെന്നില്ല. ഔദ്യോഗിക യാത്രാപരിപാടിയാണെന്നുണ്ടെങ്കിൽ ടൂർപ്രോഗ്രാമിന്റെ ഒരു കാപ്പി മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ പേക്ക് അയയ്ക്കും.

ശ്രീ. ഈ. പി. ഗോപാലൻ : താൽക്കാലികമായി ഒത്തുകിട്ടിയ പരിപാടി അനുസരിച്ചു മിനിമം കാര്യങ്ങളെസംബന്ധിച്ച അതാതു സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരെയും എം. എൽ. എ മാരെയെങ്കിലും വിവരം അറിയിക്കണമെന്നില്ലേ ; പെട്ടെന്നു ഒത്തുകിട്ടിയപരിപാടി അനുസരിച്ചായാലും സാധാരണ മര്യാദ അനുസരിച്ചു അങ്ങനെ അറിയിക്കേണ്ടതല്ലേ ?

ശ്രീ. ആർ. ശങ്കർ : ചോദ്യം ഒന്നുകൂടി ആവർത്തിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : അതായതു് നേരത്തേകൂട്ടിയുള്ള പരിപാടിയില്ലാതെ പെട്ടെന്നുകിട്ടിയ ഒരു പരിപാടിയാണു്. ആ ഒത്തുകിട്ടിയ പരിപാടി അനുസരിച്ചു ഏറ്റവും ചുരുങ്ങിയ ആളുകളെയെങ്കിലും മന്ത്രിയുടെ യാത്രാപരിപാടി അറിയിക്കുക എന്നുള്ള ഒരു മര്യാദയുണ്ടു്. അങ്ങനെ അതു അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, ഒരു പായിന്റു് ആഫ് ആർഡർ തൽക്കാലം ഒത്തുകിട്ടിയ നേരത്തേ പരിപാടിയില്ലാത്ത പെട്ടന്നു ഒത്തുകിട്ടിയ പരിപാടി എന്നൊക്കെ പറയുന്നതു് മനഃപൂർവ്വം ആക്ഷേപിക്കുകയാണു്. അങ്ങനെ പറയുന്നതു ഒരു ദുസൂചനയാണു്. അങ്ങനെ ചോദിക്കുന്നതു് വളരെ മോശമാണു്. അങ്ങനെ ചോദിക്കാവുന്നതാണോ ? അതേപ്പറ്റി ഒരു റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ : ദുസൂചനകരം ഉണ്ടെങ്കിൽ അതു ശരിയല്ല,

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ദുസൂചനകരം ഉണ്ടെന്നു അങ്ങേയ്ക്കും മനസ്സിലായല്ലോ.

ശ്രീ. പി. സി. രാഘവൻ നായർ : ഡിസംബർ എട്ടും ഒൻപതും തീയതികളിൽ യാതൊരു മുൻകൂട്ടിയുള്ള യാത്രാപരിപാടിയുമില്ലാതെ ആഭ്യന്തര മന്ത്രി അവിടെ പോയി ധ്യാനനിരതനായി യോഗാഭ്യാസംചെയ്തു് പദ്മാസനത്തിൽ ഇരിക്കുകയായിരുന്നു എന്നറിയാമോ ?

Mr Speaker: That need not be answered,

പോലീസ് ചാർജിംഗ് സ്റ്റേഷനുകൾ.

* 111. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ആകെയുള്ള പോലീസ് ചാർജ്ജിംഗ് സ്റ്റേഷനുകളെത്ര ; ഔട്ടു്പോസ്റ്റുകളെത്ര ;

(ബി) നിലവിലുള്ള ഔട്ടു്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളാക്കുന്നതിനു് ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

(സി) തൃശ്ശൂർ ഡിസ്ട്രിക്റ്റിലുള്ള വരന്തരപ്പിള്ളി ഔട്ടു്പോസ്റ്റു് ചാർജ്ജിംഗ് സ്റ്റേഷനാക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതു നടപ്പിലാക്കുവാൻ കാലതാമസം വരുന്നതിന്റെ കാരണമെന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ സംസ്ഥാനത്തു് ഇരുനൂറ്റിപതിനഞ്ചു് (215) ചാർജ്ജിംഗ് സ്റ്റേഷനുകളും നൂറ്റിഅൻപത്തിഒൻപതു (159) ഔട്ട്പോസ്റ്റുകളും ഉണ്ടു്.

(ബി) അങ്ങനെ ഒരു പദ്ധതി ഉണ്ടു്.

(സി) ഇല്ല.

(ഡി) 'സി'ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ : ചോദ്യം 4—ന കൂടി ഉത്തരം പറയണം.

പോലീസ് ഔട്ട്പോസ്റ്റുകൾ.

* 112. [4] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഇപ്പോൾ എത്ര പോലീസ് ഔട്ട്പോസ്റ്റുകൾ ഉണ്ടു് ;

(ബി) നിലവിലുള്ള ഔട്ട്പോസ്റ്റുകളുടെ സ്ഥാനത്തു് ചാർജ്ജിംഗ് സ്റ്റേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എറണാകുളം ജില്ലയിൽ ഇപ്പോൾ കുമാരപുരത്തുള്ള ഔട്ട് പോസ്റ്റു് ഒരു ചാർജ്ജിംഗ് സ്റ്റേഷനാക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) നൂറ്റിഅൻപത്തിഒൻപതു്. (159)

(ബി) അപ്രകാരം ഒരു പദ്ധതി ഉണ്ടു്.

(സി) ഇല്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ നിലവിലുള്ള പദ്ധതിപ്രകാരം എത്ര ഔട്ട്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്താനുള്ള പരിപാടിയുണ്ടു് ; ഔട്ട്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളാക്കാനുള്ള ചുരുങ്ങിയ മാനദണ്ഡമെന്താണു് ?

ശ്രീ. ആർ. ശങ്കർ : സാധാരണ ഒരാണ്ടിൽ നാലോ അഞ്ചോ ഔട്ട് പോസ്റ്റുകൾ മാത്രമേ ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്തുകയുള്ളൂ. ഒരു ഔട്ട്പോസ്റ്റിൽ സാധാരണമായി ഒരു ഹെഡ് കാൺസ്റ്റബിളും മൂന്നു കാൺസ്റ്റബിൾമാരുമാണു് ഉള്ളതു്. എന്നാൽ ഒരു ഔട്ട്പോസ്റ്റു ചാർജ്ജിംഗ് സ്റ്റേഷനാക്കുകയാണെന്നുണ്ടെങ്കിൽ അവിടെ ഒരു സബ് ഇൻസ്പെക്ടർ, രണ്ടു ഹെഡ് കാൺസ്റ്റബിൾമാരും, 12 കാൺസ്റ്റബിൾമാരും ഉണ്ടായിരിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : മലബാറിൽ പോലീസ് സ്റ്റേഷനുകളിൽ ഔട്ട്പോസ്റ്റു് എന്നു പറഞ്ഞുവരുന്ന സമ്പ്രദായമനുസരിച്ചു് ഒരു പോലീസ് സ്റ്റേഷന്റെ കീഴിൽ ഒന്നിലധികം ഔട്ട്പോസ്റ്റുകളുള്ള ഒരു പ്രത്യേക പരിതഃസ്ഥിതിയാണിന്നുള്ളതു്. ഇവിടെ ഈ ഔട്ട് പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനുകളായി ഉയർത്തുമ്പോൾ മലബാറിൽ ഒരു പോലീസ് സ്റ്റേഷനതിർത്തിയിൽത്തന്നെ ഒന്നിലധികം ഔട്ട്പോസ്റ്റുകളുള്ളതുകൊണ്ടു് പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചു് അവിടെയുള്ള ഔട്ട്പോസ്റ്റുകൾ അബോളിഷ് ചെയ്തു് ചാർജ്ജിംഗ് സ്റ്റേഷനാക്കാൻ ഗവണ്മെന്റു് നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതു സംബന്ധിച്ചു് ഗവണ്മെന്റു് സ്വീകരിച്ചിട്ടുള്ള നയം, വളരെ ആവശ്യമില്ലാത്ത ഔട്ട്പോസ്റ്റുകൾ നിറുത്തുകയും ആവശ്യമുള്ള ഔട്ട്പോസ്റ്റുകൾ ചാർജ്ജിംഗ് സ്റ്റേഷനായി ഉയർത്തുകയും ചെയ്യുക

LIBRARY ARCHIVES Kerala Legislative Assembly